Draft #3 of File 351/AC A7/4/2019/ACAD Approved by ASSISTANT REGISTRAR I ACADEMIC on 01-Jun-2019 12:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കോളേജ് ഓഫ് എഞ്ചിനിയറിങ്, തൊടുപുഴ, ബി ടെക് ഐടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ 2018-19 അധ്യയനവർഷം മുതൽ നിർത്തലാക്കിയത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 2411/AC A 7/2019/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 01.06.2019

---

പരാമർശം:-1. കോളേജ് ഓഫ് എഞ്ചിനിയറിങ്, തൊടുപുഴ കോളേജിലെ ബിടെക് ഐടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് 07/12/2018ൽ സിപാസ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ.

2. 04/02/2019ൽ സിപാസ് ഡയറക്ടർക്ക് നൽകിയ 351/എസി എ7/4/എസി എ ഡി -)0 നമ്പർ അറിയിപ്പ്.

3. പ്രിൻസിപ്പൽ, കോളേജ് ഓഫ് എൻജിനിയറിങ്, തൊടുപുഴ, സിപാസ് ഡയറക്ടർ വഴിയായി സമർപ്പിച്ച 11/02/2019 തീയതിയിലെ അപ്പീൽ.

**ഉത്തരവ്**

കോളേജ് ഓഫ് എഞ്ചിനിയറിങ്, തൊടുപുഴ, കോളേജിലെ ബി ടെക് ഐ ടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നി കോഴ്സുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് എ ഐ സി ടി ഇ-യിൽ സമർപ്പിക്കുവാൻ എൻ ഒ സി നൽകണമെന്ന് മേൽപരാമർശം (1) പ്രകാരം സിപാസ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. 2018-19 അധ്യയനവർഷം മുതൽ ടി കോളേജിന്റെ അഫിലിയേഷൻ എ പി ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റിയിട്ടുള്ളതിനാൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നും നിയമപരമായി എൻ ഒ സി നൽകുവാൻ സാധിക്കുകയില്ല എന്ന വിവരം ബഹുമാനപ്പെട്ട വൈസ്ചാൻസിലറുടെ അനുമതിയോടെ മേൽപരാമർശം (2) പ്രകാരം സിപാസ് ഡയറക്ടറെ അറിയിച്ചിരുന്നു. എന്നാൽ ടി മറുപടിക്കെതിരെ മേൽപരാമർശം (3) പ്രകാരം സമർപ്പിക്കപ്പെട്ട അപ്പീൽ പരാതി പരിഗണിച്ച സർവകലാശാലാ സിൻഡിക്കേറ്റ്, തൊടുപുഴ കോളേജ് ഓഫ് എഞ്ചിനിയറിങ്ങിലെ ബിടെക് ഐടി, എം ടെക് അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നി കോഴ്സുകൾ 17/10/2017ൽ കൂടിയ സിൻഡിക്കേറ്റ് യോഗം ഇനം നം. 42/17.13/162183 & 171891 പ്രകാരം എൻജിനിയറിങ് കോളേജുകൾക്ക് ഇനി അഫിലിയേഷൻ പുതുക്കി നൽകേണ്ടതില്ല എന്ന തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റാലിൻ .പി. എസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ, സെൻറർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം.
2. വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/എഫ് ഒ/ സി ഇ എന്നിവരുടെ പി എ.
4. ജെ ആർ2 (ഭരണം)/ഡി ആർ1, എആർ1 (അക്കാദമിക്).
5. എസി സി1/2, കണ്ടന്റ് മാനേജ്മെന്റ് /ഐ ക്യു എ സി.
6. റെക്കോഡ്സ് സെക്ഷൻ /സ്റ്റോക്ക് ഫയൽ, ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 351/AC A7/4/2019/ACAD Approved by ASSISTANT REGISTRAR I ACADEMIC on 01-Jun-2019 12:43 PM - Page 2